കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വടക്കൻ പറവൂർ നഗരസഭ - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ജയകുമാറിനെതിരായ പരാതി - നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==========================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം.3237/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.11.2015.

==========================================================================

**പരാമർശം :** 1) വടക്കൻ പറവൂർ നഗരസഭാ ചെയർമാനായിരുന്ന ശ്രീ. എൻ.എ. അലിയുടെ 23.02.2006 തീയതിയിലെ നിവേദനം.
2) സ.ഉ. (സാധാ) 594/06/തസ്വഭവ. തീയതി 02.03.2006.
3) സ.ഉ. (സാധാ) 723/06/തസ്വഭവ. തീയതി 15.03.2006.
4) സ.ഉ. (സാധാ) 948/06/തസ്വഭവ. തീയതി 03.04.2006.
5) നഗരകാര്യ ഡയറക്ടറുടെ 18.06.2014 തീയതിയിലെ വി1-16122/2013 നമ്പർ കത്ത്.
6) സ.ഉ. (സാധാ) 1849/2014/തസ്വഭവ. തീയതി 17.07.2014.
7) നഗരകാര്യ ഡയറക്ടറുടെ 20.07.2015 തീയതിയിലെ വി1-16122/2013/ഡിയുഎ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വടക്കൻ പറവൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ജയകുമാറിനെതിരെ ചുവടെ പറയുന്ന പരാതികളുടെ അടിസ്ഥാനത്തിൽ സത്വരവും മാതൃകാപരവുമായ നടപടിയെടുക്കണമെന്ന് അപേക്ഷിച്ച് നഗരസഭാ ചെയർമാനായിരുന്ന ശ്രീ.എൻ. വി. അലി പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

1. മുനിസിപ്പാലിറ്റി വക ക്വാർട്ടേഴ്സിൽ നഗരസഭാ സെക്രട്ടറി താമസിക്കുന്നില്ല.
2. പല കാരണങ്ങൾ പറഞ്ഞ് ലീവെടുക്കുന്നു. ഓഫീസ് സമയത്തു പോലും സെക്രട്ടറിയുടെ സേവനം ലഭിക്കുന്നില്ല.

3. വല്ലപ്പോഴും വരികയും തോന്നുമ്പോൾ പോകുകയും ചെയ്യുന്നു. പലപ്പോഴും കൗൺസിൽ മീറ്റിംഗുകളിലും സ്റ്റൻഡിംഗ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുന്ന പതിവില്ല.
4. കെ.എം.കെ. ജംഗ്ഷനിലെ അനധികൃത എൻക്രോച്ചമെന്റ് ഒഴിപ്പിക്കുന്നതിനെടുത്ത തുടർനടപടി കൈയ്യേറ്റങ്ങൾ കെട്ടിട ഉടമ സ്വമേധയാ നീക്കം ചെയ്ത സംഗതിയിൽ പതിനായിരത്തോളം രൂപ കെട്ടിട ഉടമയിൽ നിന്നും വാങ്ങിയതായി പരാതി ഉയർന്നിട്ടുണ്ട്.
5. ഓഫീസ് സമയത്ത് സദാ മദ്യപിച്ച് വരുന്ന മുനിസിപ്പൽ സെക്രട്ടറി കീഴ്ജീവനക്കാരോട് അപമര്യാദയായി പെരുമാറുന്നുവെന്ന് പരാതി ഉയർന്നു വന്നിരിക്കുന്നു.
6. സെക്രട്ടറി എന്ന നിലയിൽ ടിയാന്റെ പ്രവർത്തനം ഏകപക്ഷീയമാണ്.
7. മുനിസിപ്പൽ കോൺട്രാക്ടർമാരുമായും മറ്റും ചേർന്ന് ബാർ ഹോട്ടലുകളിലെ നിത്യസന്ദർശകനായിട്ടാണ് കൂടുതൽ സമയം ചിലവഴിക്കുന്നത് എന്നുമാണ് ആരോപണം.
8. മുനിസിപ്പൽ ടൗൺ ഹാളിന്റെ ഇടിഞ്ഞുപൊളിഞ്ഞ മതിൽ തൽസ്ഥാനത്ത് പുതുക്കി പണിയുന്നതിന് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലും, ടൗൺഹാളിൽ നടന്ന അക്ഷയ പദ്ധതിയുടെ ക്ലാസ്സിൽ പങ്കെടുക്കാൻ വന്ന ചെയർമാന്റെയും, വൈസ് ചെയർമാന്റെയും, കൗൺസിലർമാർ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിലും നിർമ്മാണമാരംഭിച്ചു. പ്രസ്തുത ദിവസം സെക്രട്ടറി അനധികൃതമായി ഓഫീസിൽ ഹാജരായിരുന്നില്ല. തുടർന്ന് ഓഫീസിലെത്തിയ സെക്രട്ടറി ടി മതിൽ നിർമ്മാണ സ്ഥലത്തു ചെന്ന് കെട്ടിയ മതിൽ നിയമവിരുദ്ധമായി പൊളിപ്പിക്കുകയുണ്ടായി. ചെയർമാനും മറ്റു ജനപ്രതിനിധികളും ഓഫീസിലുള്ളപ്പോൾ അവരോടൊന്നും പറയാതെ താൻ ചെയ്യാൻ പോകുന്ന മതിൽ ഇടിച്ചു നിരത്തുന്ന നടപടിയെപ്പറ്റി അറിയിക്കാനുള്ള സാമാന്യ മര്യാദ പോലും കാണിച്ചില്ല.

പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എസ്. ജയകുമാറിനെ മേൽ രണ്ടാമതായി പരാമർശിച്ച സർക്കാർ ഉത്തരവു പ്രകാരം അന്വേഷണത്തിനും അച്ചടക്ക നടപടികൾക്കും വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ആരോപണങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി നഗരകാര്യ ഡയറക്ടറെ പരാമർശം (3) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

പിന്നീട് ശ്രീ. ജയകുമാറിനെ പരാമർശം (4)-ലെ സർക്കാർ ഉത്തരവു പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിരുന്നു.

ഈ വിഷയത്തിൽ അന്വേഷണം നടന്നിട്ടുള്ളതായി കാണുന്നില്ലെന്നും. 8 വർഷത്തിനു ശേഷം ടി വിഷയത്തിന്മേൽ അന്വേഷണത്തിൽ വെളിവാക്കപ്പെടുന്ന കാര്യങ്ങൾ എത്രത്തോളം ശരിയായിരിക്കുമെന്ന് സംശയമുണ്ടെന്നും ആകയാൽ ഈ വിഷയത്തിൽ അന്വേഷണം നടത്തേണ്ടതുണ്ടോ എന്നും നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. ആകയാൽ ഈ വിഷയത്തിൽ അന്വേഷണം നടത്തുന്നതിനായി നഗരകാര്യ ഡയറക്ടറായിരുന്ന ശ്രീ. ഇ. ദേവദാസൻ IAS -നെ ചുമതലപ്പെടുത്തി പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

ഇക്കാര്യത്തിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എസ്. ജയകുമാറിനെയും പ്രസ്തുത കാലയളവിൽ സെക്ഷൻ ക്ലാർക്കുമാരായിരുന്നവരെയും നേരിൽ കേട്ടതിന്റെയും നഗരസഭാ റെക്കോർഡുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്:-

"ശ്രീ. എസ്. ജയകുമാറിനെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളുമായി ബന്ധപ്പെട്ട് പരാതിയോ ആയത് സംബന്ധിച്ച ഫയലോ നഗരസഭയിൽ ലഭ്യമല്ല എന്ന് നോർത്ത് പറവൂർ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. എസ്. ജയകുമാറിനെതിരെ കൂടുതൽ തെളിവെന്തെങ്കിലും ഹാജരാക്കുവാനുണ്ടെങ്കിൽ നേരിട്ടോ, തപാൽ വഴിയോ ബോധിപ്പിക്കാവുന്നതാണെന്ന് പരാതിക്കാരനായ മുൻ നഗരസഭാ ചെയർമാൻ ശ്രീ.എൻ.എ. അലിയോട് ആവശ്യപ്പെട്ടെങ്കിലും യാതൊരു പ്രതികരണവും അന്വേഷണവേളയിൽ അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ബന്ധപ്പെട്ട എൽ.ഡി.ക്ലാർക്ക്, യു.ഡി. ക്ലാർക്ക് എന്നിവരുടെ മൊഴി പരിശോധിച്ചതിൽ പദ്ധതി പ്രവർത്തനങ്ങളിൽ നഗരസഭാ സെക്രട്ടറി ശ്രീ.എസ്. ജയകുമാർ സഹകരിക്കാതിരുന്നതായി ഓർമയിൽ ഇല്ല എന്നും പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയോ ഏതെങ്കിലും സമിതിയുടെയോ യോഗത്തിൽ നിന്നും മനഃപൂർവ്വം വിട്ടു നിന്നതായി ഓർമ്മയില്ല എന്നും പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളിൽ നഗരസഭാ സെക്രട്ടറി എന്ന നിലയിൽ തീരുമാനങ്ങൾ കാലതാമസം വരാത്ത വിധം എടുത്ത്

നൽകുമായിരുന്നു എന്നും മൊഴി നൽകിയിരിക്കുന്നു. സിമന്റ് പൊടി കാരണം താമസിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിലാണ് നഗരസഭാ ക്വാർട്ടേഴ്സിൽ മാറി Government IB-യിലും ഒഴിഞ്ഞു കിടന്ന മറ്റൊരു റൂമിലുമാണ് താമസിച്ചത് എന്നും ലീവ് എടുക്കുന്ന അവസരത്തിൽ സെക് ഷനിൽ ലീവ് കൊടുക്കാറാണ് പതിവ് എന്നും, റീജിയണൽ ജോയിന്റ് ഡയറക്ടറെ ലീവ് വിവരം അറിയിക്കാറുണ്ട് എന്നും, ആരോപിച്ചതുപോലെ കരാറുകാരുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല എന്നും കെ.എം.കെ. ജംഗ്ഷനിൽ അനധികൃതമായി കൈയ്യേറിയുണ്ടാക്കിയ കെട്ടിടം പൊളിക്കുന്നതുമായി ബന്ധപ്പെട്ട് 10,000/- രൂപ വാങ്ങി എന്ന തരത്തിൽ ഒരു ഒരു പരാതിയും ഉണ്ടായിട്ടില്ലാത്തതും ഈ കൈയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചിരുന്നതുമാണെന്നും ശ്രീ.എസ്. ജയകുമാർ മൊഴിനൽകിയിരിക്കുന്നു. ശ്രീ. ആർ. സി. രാജേഷ് കുമാർ, ശ്രീ. പി.പി. രാജു എന്നിവരുടെ മൊഴികളിൽ നിന്ന് പരാതിക്ക് ഉപോൽഫലകമായി തെളിവുകളൊന്നും ലഭിച്ചിട്ടില്ല. കൂടാതെ ഹർജിക്കാരന്റെ ഭാഗത്തു നിന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ പരാതിയിൽ തുടർനടപടി സ്വീകരിക്കണമെന്ന നിർബന്ധം ഉള്ളതായി കാണുന്നില്ല. പരാതിയിൽ പറയുന്ന ആരോപണങ്ങൾ സാധൂകരിക്കുന്നതിനുള്ള തെളിവുകൾ ഒന്നും അന്വേഷണത്തിലോ പരിശോധനയിലോ കണ്ടെത്തുവാനും സാധിച്ചിട്ടില്ല. പരാതിക്കാസ്പദമായ വിഷയം 9 വർഷത്തിലേറെക്കാലം മുമ്പ് നടന്നിട്ടുള്ളതാകയാൽ കൂടുതൽ അന്വേഷണ നടപടികൾ നടത്തുന്നതിൽ പ്രസക്തിയുണ്ടെന്നും തോന്നുന്നില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പരാതി സംബന്ധിച്ച് തുടർ അന്വേഷണങ്ങളോ നടപടികളോ ആവശ്യമുള്ളതായി കാണുന്നില്ല.''

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാതിക്കാരനായ മുൻ വടക്കൻ പറവൂർ നഗരസഭാ ചെയർമാൻ ശ്രീ. എൻ.വി. അലി തുടർ അന്വേഷണങ്ങളുമായി സഹകരിച്ചിട്ടില്ല. ശ്രീ. എസ്. ജയകുമാറിനെതിരായ ആരോപണങ്ങൾ 2006 വർഷത്തിന്റെ ആരംഭ കാലഘട്ടത്തിൽ നടന്നിട്ടുള്ളതിനാൽ 9 വർഷത്തിനു ശേഷം ഉള്ള അന്വേഷണ നടപടികൾക്ക് യാതൊരു പ്രസക്തിയുമില്ല എന്ന് കാണുന്നു. മാത്രമല്ല, ആരോപണങ്ങൾ സാധൂകരിക്കുന്ന തെളിവുകളൊന്നും ലഭ്യവുമല്ല. മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ വടക്കൻ പറവൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എസ്.

ജയകുമാറിനെതിരായ നടപടികൾ ടിയാനെ ആരോപണങ്ങളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**

**സോണിയ വഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തൃശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, വയക്കൻ പറവൂർ നഗരസഭ.
ശ്രീ. എസ്. ജയകുമാർ, അസിസ്റ്റന്റ് സെക്രട്ടറി, തൃശൂർ നഗരസഭ,
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**